നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 814 ... 08 ...

## ജീവൻ രക്ഷാമരുന്നുകളുടെ വില

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ | ശ്രീ. വി.എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |

| | |
|---|---|
| (എ) ജീവൻ രക്ഷാമരുന്നുകളുടെ വില വർദ്ധനവ് നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) 2012 ഡിസംബർ 7-ന് നിലവിൽ വന്ന നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് പോളിസിയുടെ അടിസ്ഥാനത്തിൽ ഡ്രഗ്സ് പ്രൈസ് കൺട്രോൾ ഓർഡർ (DPCO) 2013 നിലവിൽ വന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 348 ഇനം മരുന്നുകളുടെ വില നിശ്ചയിക്കാൻ ഉത്തരവുണ്ടായിട്ടുണ്ട്. |
| (ബി) ജീവൻ രക്ഷാ മരുന്നുകൾ രോഗികൾക്ക് വില കുറച്ച് നല്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വിശദമാക്കുമോ ; | (ബി) സർക്കാരിന്റെ നിയന്ത്രണത്തിലുള്ള മാവേലി, നീതി, കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ എന്നിവ വഴി മരുന്നുകൾ വില കുറച്ച് നൽകുന്നുണ്ട്. |
| (സി) സർക്കാർ സംവിധാനങ്ങൾ മുഖാന്തിരം വില്ക്കുന്ന ജീവൻ രക്ഷാമരുന്നുകൾക്ക് പൊതു വിപണിയിൽ എന്ത് വിലയാണ് നല്കേണ്ടി വരുന്നത് എന്നുള്ള താരതമ്യ പഠനം നടത്തിയിട്ടുണ്ടോ ; എങ്കിൽ ഓരോ മരുന്നുകളുടെയും ഇനം തിരിച്ചുള്ള വിലനിലവാരം ലഭ്യമാക്കുമോ ? | (സി) വിലയുടെ താരതമ്യ പഠനം നടത്തിയിട്ടില്ല. |

... ഓഫീസർ